**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് – നവകേരളത്തിന് ജനകീയാസൂത്രണം – ഗ്രാമപഞ്ചായത്ത് വികസന പദ്ധതിയുടെ നോഡൽഓഫീസർമാരെ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്**

സ.ഉ.(സാധാ) നം. 2766/2018/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി: 29/10/2018

പരാമർശം :- 1. 19.09.2018-ലെ സ.ഉ. (സാധാ) നം.2462/2018/ത.സ്വ.ഭ.വ.
2. 23.10.2018-ലെ സ.ഉ. (സാധാ) നം.2710/2018/ത.സ്വ.ഭ.വ.

**<u>ഉത്തരവ്</u>**

കേരളത്തിൽ രണ്ട് ദശാബ്ദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയാസൂത്രണം 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതി' (Grama Panchayat Development Plan - GPDP) എന്ന പേരിൽ ഇന്ത്യയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. പ്രാദേശിക വികസന പദ്ധതികൾ ജനപങ്കാളിത്തത്തോടുകൂടി തയ്യാറാക്കി നടപ്പിലാക്കുന്ന സമ്പ്രദായം എല്ലായിടത്തും രൂപപ്പെടുത്തുകയാണ് ലക്ഷ്യം. കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് തുകയാണ് പദ്ധതിയുടെ മുഖ്യ സ്രോതസ്സ്. ഒപ്പം, മറ്റ് വിഭവങ്ങൾ സമന്വയിപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത് കേരളം ഏറെക്കാലമായി നടപ്പിലാക്കുന്ന പങ്കാളിത്ത ആസൂത്രണത്തിന്റെ മാതൃകയാണ്. അതുകൊണ്ടുതന്നെ കേരളത്തിലെ പദ്ധതി പ്രവർത്തനങ്ങളിൽ മാറ്റം ആവശ്യമായി വരുന്നില്ല. എന്നാൽ ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച വിശദാംശങ്ങൾ കേന്ദ്രസർക്കാരിന്റെ പോർട്ടലിലേക്ക് നൽകേണ്ടതുണ്ട്. ഇത് ഉറപ്പാക്കുന്നതിന് വിവിധ തലങ്ങളിൽ നോഡൽ ഓഫീസർമാരെ നിശ്ചയിക്കുകയും അനുബന്ധ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതുള്ളതിനാൽ ഇത് സംബന്ധിച്ച് സർക്കാർ ചുവടെ വിവരിക്കുന്ന പ്രകാരം ഉത്തരവാകുന്നു.

1. ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ നോഡൽ ഓഫീസർമാർ ചുവടെ പ്രതിപാദിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(എ) സംസ്ഥാനതല നോഡൽ ഓഫീസർ

നോഡൽ ഓഫീസർ (അഡ്മിനിസ്ട്രേഷൻ) - പഞ്ചായത്ത് ഡയറക്ടർ

നോഡൽ ഓഫീസർ (ആസൂത്രണം) - ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്

(ബി) ജില്ലാതല നോഡൽ ഓഫീസർ - പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

(സി) ബ്ലോക്ക്തല നോഡൽ ഓഫീസർ - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

(ഡി) ഗ്രാമ പഞ്ചായത്ത് തല നോഡൽ ഓഫീസർ - ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

2. ഗ്രാമ പഞ്ചായത്തുകൾ അവയുടെ 2019-20 വാർഷിക പദ്ധതി സൂചന രണ്ടിലെ ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള സമയക്രമത്തിനുള്ളിൽ തന്നെ തയ്യാറാക്കുന്നുണ്ടെന്നും പദ്ധതി രൂപീകരണത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ടവർ യഥാസമയം കേന്ദ്ര സർക്കാരിന്റെ gpdp.nic.in എന്ന പോർട്ടലിലേക്ക് നൽകുന്നുണ്ടെന്നും വിവിധ തലങ്ങളിലെ നോഡൽ ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.

3. ഓരോ തലത്തിലെയും നോഡൽ ഓഫീസർമാർ താഴെ തലത്തിലെ നോഡൽ ഓഫീസർമാർക്ക് യൂസർനെയിമും പാസ് വേഡും അനുവദിച്ചുനൽകേണ്ടതുണ്ട്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ സംസ്ഥാനതല നോഡൽ ഓഫീസർ (അഡ്മിനിസ്ട്രേഷൻ) നൽകുന്നതാണ്.

4. ഗ്രാമപഞ്ചായത്തിൽ പ്ലാൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ ഗ്രാമസഭാ ഫെസിലിറ്റേറ്റർ ആയി പ്രവർത്തിക്കേണ്ടതാണ്. ഫെസിലിറ്റേറ്ററുടെ ചുമതലകൾ ചുവടെ നൽകുന്നു.

   (i) ഗ്രാമസഭ ചേരുന്നത് സംബന്ധിച്ച വിവരങ്ങൾ (ജിയോ ടാഗിംഗ്, ഫോട്ടോ ഉൾപ്പെടെ) പോർട്ടലിൽ അപ് ലോഡ് ചെയ്യുക.
   (ii) പദ്ധതി തയ്യാറാക്കുന്നതിന് വേണ്ട സഹായങ്ങൾ ചെയ്യുക
   (iii) അന്തിമ പദ്ധതി കേന്ദ്ര സർക്കാരിന്റെ പ്ലാൻ പ്ലസ് സോഫ്റ്റ് വെയറിലേക്ക് അപ് ലോഡ് ചെയ്യുക

5. നോഡൽ ഓഫീസർമാരുടെയും ഫെസിലിറ്റേറ്റർമാരുടെയും പേരുവിവരങ്ങൾ ബന്ധപ്പെട്ടവർ പോർട്ടലിൽ ചേർത്ത് അവർക്ക് യൂസർ നെയിം, പാസ് വേഡ് എന്നിവ യഥാസമയം നൽകുന്നുണ്ടോ എന്നും പോർട്ടലിലേക്ക് വിവരങ്ങൾ നൽകേണ്ടവർ യഥാസമയം അവ നൽകുന്നുണ്ടോ എന്നും നിരീക്ഷിക്കുന്നതിനായി താഴെ പറയുന്ന പ്രകാരം ജില്ലകളിൽ ഒരു കമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്.

| | | |
|---|---|---|
| ചെയർപേഴ്സൺ | - | പ്രസിഡന്റ്, ജില്ലാ ആസൂത്രണ സമിതി |
| സെക്രട്ടറി | - | ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ഡി.പി.സി |
| അംഗങ്ങൾ | - | 1. ഡി.പി.സി യിലെ സർക്കാർ നോമിനി |
| | | 2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ |
| | | 3. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) |
| കൺവീനർ | - | ജില്ലാ പ്ലാനിംഗ് ഓഫീസർ |

6. കേന്ദ്ര സർക്കാരിന്റെ പോർട്ടലിലേക്ക് ഗ്രാമ പഞ്ചായത്ത് തലത്തിൽ നൽകേണ്ട വിവരങ്ങൾ യഥാസമയം നൽകുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലും ഓരോ ഉദ്യോഗസ്ഥന് വീതം ചുമതല നിശ്ചയിച്ച് നൽകേണ്ടതാണ്.

7. കേരളത്തിൽ ഉപയോഗിക്കുന്ന സുലേഖ (പദ്ധതി ആസൂത്രണം), സാംഖ്യ (അക്കൗണ്ടിംഗ്) സോഫ്റ്റ് വെയറുകളിൽ നിന്നും കേന്ദ്ര സർക്കാരിന്റെ സോഫ്റ്റ് വെയറുകളായ പ്ലാൻ പ്ലസ് (പദ്ധതി ആസൂത്രണം), പ്രിയ സോഫ്റ്റ് (അക്കൗണ്ടിംഗ്) എന്നിവയിലേക്ക് ഡാറ്റാ

ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള സംവിധാനം അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ട നടപടി ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കേണ്ടതാണ്.

8. ഫെസിലിറ്റേറ്റർമാർക്കും മറ്റുള്ളവർക്കും കിലയുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകുന്നതാണ്.

9. കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും പബ്ലിക്ക് ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തിൽ പബ്ലിക് ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതിനാൽ വിവരങ്ങൾ യഥാസമയം അവയിൽ രേഖപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾ നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ